# എന്താണ് രാമനീതി ?

കെ.അരവിന്ദാക്ഷൻ

നിഷ്കളങ്കരും നിരപരാധികളുമായ നൂറുകണക്കിന് അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും യുവാക്കളുടെയുമെല്ലാം ചോര കടിച്ചിട്ടും ദാഹം ശമിക്കാത്ത ഒരു ദൈവമാണോ നിങ്ങളുടെയും എന്റെയും രാമൻ? ജാതിമതഭേദമെന്യേ ഇന്ത്യൻ ഗ്രാമങ്ങളിലും ലോകത്തിലെതന്നെ ഇതര ജനതകളിലും സത്യത്തിന്റെയും നീതിയുടെയും കുളിർമയായി ഇന്നും ശേഷിക്കുന്ന രാമനെ മനുഷ്യചോരയിൽ കളിച്ച് ദാഹം മാറാത്ത ഒരു പ്രാകൃത പിശാചായി നമുക്ക് സങ്കല്പിക്കാനാവുമോ? വാളും ശൂലവും ഇരുമ്പുവടികളും ബോംബുമായി തൊട്ടടുത്ത സഹോദരനെയും സഹോദരിയെയും നിഷ്ഠുരം കൊല്ലുന്ന ഇവരാണൊ രാമഭക്തർ? 1992 മുതൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും കഴിഞ്ഞ ദിവസങ്ങളിൽ ഗുജറാത്തിന്റെ നഗരങ്ങളിലും പട്ടണങ്ങളിലും ഗ്രാമങ്ങളിലും നിരപരാധികളുടെ ചോര കൊണ്ടാണോ നിങ്ങളുടെയും എന്റെയും രാമന് അഭിഷേകം? ഈ ചോദ്യം ഇന്ത്യയിലെ ഓരോ ഹിന്ദുവും സ്വയം ആവർത്തിച്ച് ചോദിക്കേണ്ടതാണ്.

വിശ്വഹിന്ദു പരിഷത്തും രാഷ്ട്രീയസ്വയംസേവർസംഘവും ബി.ജെ.പി.യും അധികാരത്തിനുവേണ്ടി സൗമ്യനും ശാന്തനും കാരുണ്യവാനുമായ ശ്രീരാമനെ രക്തദാഹിയായ ഒരു പിശാചായി മാറ്റിയിരിക്കുകയാണ്. രാമരാഷ്ട്രീയം വെച്ച് അധികാരം കളിക്കാൻ തുടക്കമിട്ടത് ഇന്ദിരാഗാന്ധിയും അതിനെ ചൂഷണം ചെയ്തത് രാജീവ് ഗാന്ധിയും നരസിംഹറാവുമാണ്. എന്നാൽ അതുകൊണ്ട് ലാഭം നേടിയത് ബി.ജെ.പി.യും. ഇന്ത്യയിലെ 'മതേതര' ശക്തികൾ എത്രത്തോളം രാമരാഷ്ട്രീയം കളിച്ചുവോ ഇന്ത്യ അത്രകണ്ട് ജനാധിപത്യത്തിലും സാമ്പത്തികാഭിവൃദ്ധിയിലും പിന്നോക്കമടിച്ചു. ഇന്നും ഇന്ത്യ മതസഹിഷ്ണുതയുടെ കാര്യത്തിൽ ലോകരാഷ്ട്രങ്ങൾക്ക് മുമ്പിൽ പാക്കിസ്ഥാനെക്കാൾ ഒട്ടും ആശാവഹമല്ല. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് ഇവിടെ എന്ത് സംരക്ഷണം എന്ന ചോദ്യത്തിനു മുമ്പിൽ ഗുജറാത്തിലെ പ്രാകൃതമായ കൊലപാതകങ്ങളാണ്, ലോകജനതയ്ക്കുള്ള ഉത്തരമായി ശേഷിക്കുന്നത്.

രാമന്റെ പേരിൽ ഇനിയും ചോരയൊഴുക്കാൻ തന്നെയാണ് വിശ്വഹിന്ദുക്കളുടെയും രാഷ്ട്രീയസ്വയംസേവകന്റെയുമെല്ലാം നീക്കം. നിങ്ങളുടെയും എന്റെയും രാമനെ ഈ അധികാര രാഷ്ട്രീയകളിയ്ക്ക് വിട്ടുകൊടുത്ത് ഇന്ത്യയുടെ മതസഹിഷ്ണുതയും സാംസ്കാരിക വൈവിധ്യവും ശാന്തിയും ശ്രേയസ്സും കെടുത്തണോ? നിങ്ങളുടെ രാമൻ എപ്പോഴെങ്കിലും അയൽക്കാരന്റെ ആരാധനാലയം പൊളിക്കാനും അവനെ / അവളെ കുത്തിമലർത്താനും അവശ്യപ്പെട്ടുമോ? രാമനിൽ വിശ്വസിക്കുന്ന ഓരോ ഹിന്ദുവും ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കേണ്ടതുണ്ട്: "രാമൻ എന്റെ ഹൃദയത്തിന്റെ നീരൊഴുക്കാണ്. അത് അധികാരക്കളിയിൽ ചൂതാടാനുള്ള കച്ചവടച്ചരക്കല്ല."

മര്യാദപുരുഷനായ ശ്രീരാമൻ നീതിയുടെയും ജനകീയ വിചാരണത്തിന്റെയും പ്രതീകമാണ്. അതാതുകാലങ്ങളിൽ, അതാതു ദേശങ്ങളിൽ നിലനിൽക്കുന്ന ധാർമ്മികമായ മൂല്യധാരകളെ സമൃദ്ധമാക്കുന്നതാണ് രാമനീതി. ഇന്ത്യൻ സാഹചര്യത്തിൽ രാമനീതി ജനാധിപത്യത്തെയും സാംസ്കാരിക ബഹുതയെയും ഉൾക്കൊള്ളുന്നതാണ്. തർക്കഭൂമിയുടെ കാര്യത്തിൽ സുപ്രീം കോടതി വിധി മാനിക്കുകയാണ് രാമനീതി. ഇന്ത്യൻ ഭരണഘടന, ജനാധിപത്യസ്ഥാപനങ്ങൾ എന്നിവയെ വെല്ലുവിളിക്കുകയും അവ തങ്ങൾക്ക് ബാധകമല്ലെന്ന് ആക്രോശിക്കുന്ന വിശ്വഹിന്ദുവിന്റേത് കയ്യൂക്കുള്ളവന്റെ കാടൻ മുറാളത്തമാണ് ഹിന്ദുയിസത്തെ ആഴത്തിൽ അന്വേഷിക്കുന്ന ഏതെങ്കിലും ഋഷിവര്യനോ രാമനാമം ചുണ്ടിൽ വിരിയുന്ന നിരക്ഷരനായ സാധാരണക്കാരനോ അതിന് ന്യായീകരിക്കാനും അംഗീകരിക്കാനുമാവില്ല. എന്റെ ഹിന്ദുയിസം ഇന്ത്യൻ ജനാധിപത്യത്തിനും ജനാധിപത്യസ്ഥാപനങ്ങൾക്കും പൂരകമായതാണെന്ന് നാം വിളിച്ചു പറയണം. രാമനീതി ഇന്ത്യൻ സുപ്രീം കോടതിയുടെ നീതി ബോധത്തിനും പൂരകമാണ്.

ആധുനിക ജനാധിപത്യയുഗത്തിൽ രാമനീതി ആഴത്തിലും പരപ്പിലും അറിഞ്ഞവനായിരുന്നല്ലോ ഗാന്ധി. ജീവിതകാലം മുഴുവൻ രാമനാമത്തിന്റെ ധാർമ്മികശക്തിയിലും കാരുണ്യത്തിലും മുന്നോട്ടുപോയ ഗാന്ധിക്ക് സത്യം രാമനായിരുന്നു / ദൈവമായിരുന്നു. തന്റെ അഹിംസാത്മകമായ പ്രവൃത്തികളിലൂടെ സത്യം സാക്ഷാത്കരിക്കുന്നതാണ്; ഗാന്ധിക്ക് രാമൻ. രാമന്റെ സ്ഥാനത്ത് അല്ലാഹുവും ക്രിസ്തുവും ഗാന്ധി ഉൾക്കൊണ്ടു. സ്വന്തം ജീവിത പരിസരങ്ങളിലൂടെ സത്യത്തെ കണ്ടെത്തുന്നതാണ് ഓരോ മനുഷ്യന്റെയും സ്വത്വപ്രകാശനം. അതാണ് സ്വാഭിമാനം. അന്യന്റെ ചങ്ക് വെട്ടിക്കീറി ആ ചോര കൊണ്ടല്ല, ഹിന്ദുവായാലും മുസൽമാനായാലും തന്റെ സ്വാഭിമാനം പ്രകടിപ്പിക്കേണ്ടത്.

രാമന്റെപേരിലും അയോധ്യയുടെപേരിലും ഇന്ന് നടക്കുന്ന, നടക്കാനിരിക്കുന്ന നരഹത്യകൾക്കും ദുരിതങ്ങൾക്കും ശാശ്വതമായ പരിഹാരം നാം ആഗ്രഹിക്കുന്നുവെങ്കിൽ, ഓരോ ഹിന്ദുവും ഓരോ മുസൽമാനും രാമനെയും അല്ലാഹുവിനെയും മതേതരവാദികളുടെയും രാഷ്ട്രീയക്കാരുടെയും കൈകളിൽനിന്ന് മോചിപ്പിക്കണം. രാമനെയും അല്ലാഹുവിനെയും കുറിച്ച് പറയാനുള്ള അവകാശം വിശ്വഹിന്ദുവിനോ രാഷ്ട്രീയ സ്വയം സേവകനോ ജുമായത്ത് ഇസ്ലാമിക്കോ എൻ.ഡി.എഫുകാരനോ അല്ല. എന്റെയും നിങ്ങളുടെയും രാമനു അല്ലാഹുവും അധികാരരാഷ്ട്രീയത്തിനുവേണ്ടി ചോര കുടിക്കുന്നവനല്ല. കോൺഗ്രസ്സുകാരനെയും ബി.ജെ.പി.ക്കാരനെയും കമ്മ്യൂണിസ്റ്റുകാരനെയും ദൈവത്തിന്റെ പേരിൽ വോട്ടുകൊടുത്ത് നമ്മുടെ ശാന്തിയും സമാധാനവും കെടുത്താൻ അനുവദിക്കില്ലെന്ന് ഓരോ മനുഷ്യനും പ്രതിജ്ഞയെടുക്കണം.

രാമന്റെ ക്ഷേത്രം നമ്മുടെ ഹൃദയത്തിനുള്ളിലാണ്. അന്യന്റെ ചങ്ക് പിളർത്തിയല്ല. രാമക്ഷേത്രം എവിടെപ്പണിയണമെന്ന് ഹിന്ദുയിസവും ഇസ്ലാമും ആഴത്തിൽ പഠിച്ചവരുടെ മതേതരക്കാരും, രാഷ്ട്രീയക്കാരുമല്ലാത്ത നല്ല മനുഷ്യരുടെതായ ഒരു സംഘം സംവാദത്തിലൂടെ തീരുമാനിക്കട്ടെ. മാനവസ്നേഹവും ധാർമ്മിക ബോധവുമാകട്ടെ അതിനുള്ള ഉരകല്ല്. അതുവരെയും തർക്കഭൂമിയുടെ കാര്യത്തിൽ കോടതിവിധിയ്ക്കായി കാത്തിരിക്കുക. വിധി എന്തായാലും എല്ലാ വിഭാഗങ്ങളും ഒരേ മനസ്സോടെ ഏറ്റ് വാങ്ങുക. ഇനിയും വിശ്വഹിന്ദുവിന്റെയും രാഷ്ട്രീയ സ്വയംസേവകന്റെയും അതുപോലുള്ള സംഘങ്ങളുടെയും ചോരക്കളിക്ക് നാം നമ്മുടെ രാമനെ വിട്ടുകൊടുത്താൽ, നമുക്ക് നമ്മെ മാത്രമല്ല നഷ്ടപ്പെടുക, നമ്മുടെ എല്ലാമായ ജനാധിപത്യ ഇന്ത്യയും കൂടിയായിരിക്കും.